# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **7905**

**16.07.2014**- ലെ മറുപടിക്ക്

**ഓപ്പറേഷൻ കുബേരയുടെ വിജയത്തിന് സഹകരണ മേഖലയുടെ പിന്തുണ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി. എ. മാധവൻ**<br>**,, വർക്കല കഹാർ**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, കെ. ശിവദാസൻ നായർ** | **ശ്രീ. സി. എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) കൊള്ളപ്പലിശക്കാരിൽനിന്ന് സാധാരണക്കാർക്ക് സംരക്ഷണം നൽകുന്ന ഓപ്പറേഷൻ കുബേരയുടെ വിജയത്തിന് സഹകരണമേഖലയുടെ എന്തെല്ലാം പിന്തുണയാണ് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (എ) കർഷക തൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗ വിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും, സഹായിക്കുന്നതിനുമായി പരമാവധി 10,000/-രൂപവരെ വ്യക്തികൾക്ക് വായ്പ നൽകുന്നതിനുള്ള വായ്പാപദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും, സ്ഥിര വരുമാനമോ, ഈടു നൽകാൻ ആസ്തിയില്ലാത്തവരോ ആയവരും സാമ്പത്തികശേഷിയില്ലാത്ത വിധവകൾ വികലാംഗർ, എന്നിവരെ കടക്കെണിയിൽപ്പെടാതെ സഹായിക്കുന്നതിനാണ് ഇത്തരം വായ്പകൾ നൽകുന്നത്. |
| ബി) ഇതിനായി സഹകരണ ബാങ്കുകളിലെ വായ്പകൾക്ക് എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മേൽ പ്രകാരം ദുർബല വിഭാഗങ്ങൾക്കും, തൊഴിലാളികൾക്കും, ചെറുകിട കച്ചവടക്കാർക്കും വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000/-രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവും, 10,000/-രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയിൽ പ്രസിഡന്റിനും അനുവദിയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000/-രൂപ വരെയുള്ള വായ്പകൾ പരമാവധി 2 ദിവസത്തിനകവും, 10,000/-രൂപവരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകവും അനുവദിക്കുന്നതിനും, നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 10,000/-രൂപ വരെയുള്ള വായ്പകൾ പരമാവധി ഒരു വർഷത്തിനകവും 5000/-രൂപവരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) സഹകരണ ബാങ്കുകളുടെ പ്രവർത്തന സമയത്തിൽ ഇതിനായി എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾ ക്കും ഇടപാടുകാരായ മറ്റ് പൊതുജന ങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങൾ/ ബാങ്കുകളുടെ സേവനം ലഭ്യമാക്കു ന്നതിനും, വായ്പ ലഭ്യമാക്കുന്നതിനും, ആവശ്യ മായ സ്ഥലങ്ങളിൽ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ ഞായറാഴ്ചകളിൽ "സൺഡേ ബാങ്കിംഗ്" പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകി യിട്ടുണ്ട്. |
| (ഡി) ഏതെല്ലാം തരത്തിലുള്ള സഹകരണ ബാങ്കുകളാണ് ഇതിൽ പങ്കാളി കളാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘ ങ്ങ ളും/ബാങ്കുകളും, ജില്ലാ സഹകരണ ബാങ്കുക ളും, സംസ്ഥാന സഹകരണ ബാങ്കും ഈ പ ദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്. |

സെക്ഷൻ ഓഫീസർ